File No.TCPCTP/3096/2019-D3

<u>മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം</u>

<u>തിരുവനന്തപുരം</u>

വിഷയം :- നഗര-ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - തിരുവനന്തപുരം ജില്ല - മലയിൻകീഴ് ഗ്രാമപഞ്ചായത്ത് - മലയിൻകീഴ് വില്ലേജ് - പെട്രോൾപമ്പ് നിർമ്മാണത്തിന് ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. മലയിൻകീഴ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14/11/2019, 04/01/2020 തീയതികളിലെ എ 3/7847/19 നമ്പർ കത്ത്.

2. തിരുവനന്തപുരം ടൗൺ പ്ലാനറുടെ 29/11/2019, 24/01/2020 തീയതികളിലെ TCPTVM/1628/2019/D നമ്പർ കത്ത്.

---

<u>കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം</u>

ഉത്തരവ്. നം. TCPCTP/3096/19-D3 തീയതി:**14/02/2020**

---

തിരുവനന്തപുരം ജില്ലയിൽ മലയിൻകീഴ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മലയിൻകീഴ് വില്ലേജിൽ റീ സർവ്വേ നമ്പർ **245/17-1, 245/8-1, 245/25-1, 245/9-2-1** എന്നിവയിൽഉൾപ്പെട്ട 609 ച.മീ സ്ഥലത്ത് Sales building(22.52 ച.മീ), Canopy(112 ച.മീ) ഉൾപ്പെടെ 134.52 ച.മീ വിസ്തീർണ്ണമുള്ള പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീ. മണികണ്ഠൻ നായർ, 4/പ്ലാത്തറ ഹൗസ്, പെരുകാവ്** സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെപറയുന്ന നിബന്ധനകൾ പൂർണ്ണമായും, പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.

2. കെ.പി.ബി.ആർ.2011-ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.

3. നിർമ്മാണം കെ.പി.ബി.ആർ 2011-നും അനുബന്ധഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.

5. കട്ടിംഗ്/ഫില്ലിംഗ്/ റോക്ക് കട്ടിംഗ് മുതലായവയ്ക്ക് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി വാങ്ങിയിരിക്കണം.

6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.

7. Fire NOC ലഭ്യമാക്കേണ്ടതാണ്. ടി നിർമ്മാണത്തിന് ആവശ്യമെങ്കിൽ Water Authority യുടെയും, Pollution control board-ന്റെയും NOC യും ലഭ്യമാക്കേണ്ടതാണ്.

8. പ്ലോട്ടിന്റെ അടുത്തായി വാസഗൃഹങ്ങൾ ഉള്ളതിനാൽ ബന്ധപ്പെട്ടവരിൽ നിന്നും Consent വാങ്ങേണ്ടതാണ്.

9. നിർമ്മാണസ്ഥലം പ്രധാന റോഡിലെ രണ്ട് വളവുകൾക്കിടയിലുള്ള സ്ഥലമായതിനാലും അടുത്തായി അസംബ്ലി ഒക്യൂപൻസിയിൽപ്പെടുന്ന കെട്ടിടം ഉള്ളതിനാലും ബന്ധപ്പെട്ട അധികാരിയുടെ അനുവാദം വാങ്ങേണ്ടതാണ്.

10. ടി പ്ലോട്ട് പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നില്ലായെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

11. കെ.പി.ബി.ആർ-2011 ചട്ടം 61 (16), 61 (17) പ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

12. കെ.പി.ബി.ആർ-2011 ചട്ടം 61 (11) പ്രകാരം ചില്ലറ വിതരണ യൂണിറ്റും പ്ലോട്ടതിരും തമ്മിൽ ആവശ്യമായ 7.5 മീറ്റർ അകലം പാലിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ :33/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>**

**ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം**

**ജയശ്രീ.പി.ആർ**
**ടൗൺ പ്ലാനർ**

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

സെക്രട്ടറി, മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

പകർപ്പ്:-
1. ശ്രീ. മണികണ്ഠൻ നായർ, പ്ലാത്തറ ഹൗസ്, പെരുകാവ്(പി.ഒ) തിരുവനന്തപുരം-695573
2. ടൗൺ പ്ലാനർ, തിരുവനന്തപുരം 3/വെബ് സൈറ്റ്
4. കരുതൽ ഫയൽ / അധികം